# സ്നേഹനിധി മാർഗ്ഗരേഖ

കേരളത്തിൽ ഏറ്റവും കൂടുതൽ സാമൂഹ്യപ്രവർത്തനം നടത്തുന്ന ഒരു സംഘടനയാണ് കുടുംബശ്രീ. അയൽക്കൂട്ടങ്ങളിൽ നിന്നും തുടങ്ങി സിഡിഎസ് തലം വരെ കഠിനമായ പ്രയാസങ്ങളും ദുരിതവുമനുഭവിക്കുന്നവരെ സഹായിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിൽ കുടുംബശ്രീ നടത്തുന്ന എല്ലാതരം പ്രവർത്തനങ്ങൾക്കും ഐക്യരൂപമുണ്ടാക്കുന്നതിനും എല്ലാ സാമൂഹ്യപ്രവർത്തനങ്ങളും ഒരു സംവിധാനത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിനും വേണ്ടിയാണ് കുടുംബശ്രീ സിഡിഎസ് ബൈലോയിലെ നിർദ്ദേശമനുസരിച്ച് ഈ മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്.

കുടുംബശ്രീ ബൈലോ 13.3.5 പ്രകാരം എല്ലാ സി.ഡി.എസ്സുകളിലും സ്നേഹനിധി രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവശത അനുഭവിക്കുന്ന കുടുംബശ്രീ അംഗങ്ങളെ സഹായിക്കുന്നതിന് വേണ്ടിയാണ് സ്നേഹനിധി രൂപീകരിക്കുന്നത്. 13/11/2014 ലെ GO(P) 198/2014 തസ്വഭവ ഉത്തരവ് പ്രകാരം സ്നേഹനിധിയ്ക്ക് ഒരു മാർഗ്ഗരേഖ സംസ്ഥാനമിഷൻ പുറപ്പെടുവിക്കണം എന്ന് നിർദ്ദേശിച്ചതിനാൽ താഴെപറയുന്ന രീതിയിൽ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും:- ഈ മാർഗ്ഗരേഖ കുടുംബശ്രീ ബൈലോയിലെ 13.3.5 പ്രകാരം പുറപ്പെടുവിച്ചതാണ്
2. കേരളത്തിൽ കുടുംബശ്രീ സംവിധാനത്തിലെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ നിർബന്ധമായും രൂപീകരിക്കേണ്ട ഒരു ആശ്വാസ നിധിയാണ് കുടുംബശ്രീ സ്നേഹനിധി.
3. ഈ പദ്ധതിയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ അംഗങ്ങൾ മാത്രമാണ് ഗുണഭോക്താക്കളാകുന്നത്. ആനുകൂല്യം കുടുംബശ്രീ അംഗങ്ങൾക്ക് മാത്രമാണ് നൽകുന്നത്.
4. സ്നേഹനിധി രൂപീകരണം:- ഓരോ സി.ഡി.എസ്സിലും ദുരിതവും പ്രയാസവും ബുദ്ധിമുട്ടും അനുഭവിക്കുന്ന കുടുംബശ്രീ അംഗങ്ങളെ സഹായിക്കുന്നതിനാണ് സ്നേഹനിധി രൂപീകരിക്കുന്നത്.
5. അവശത അനുഭവിക്കുന്നവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, കുടുംബശ്രീ അംഗങ്ങളായ 18 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായമുള്ളവരും, വിവിധ കാരണങ്ങൾ കൊണ്ട് പ്രയാസമനുഭവിക്കുന്നവരും, മാറാരോഗികൾ,

ചെറുപ്പത്തിൽ തന്നെ വൈധവ്യം അനുഭവിക്കുന്നവർ, പ്രയാസം അനുഭവിക്കുന്ന അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ, മനുഷ്യക്കടത്തിനിരയായ സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, അപകടത്തിൽപ്പെട്ട് യാതൊരു സഹായവും ലഭിക്കാത്തവർ, പാർശ്വവത്ക്കരിക്കപ്പെട്ട് അവശത അനുഭവിക്കുന്നവർ, പെട്ടന്നുള്ള രോഗം, മരണം എന്നിവ കൊണ്ട് പ്രതിസന്ധിയിൽ ആയവർ, പ്രകൃതി ദുരന്തങ്ങൾ, അത്യാഹിതം എന്നിവയിൽ പ്രയാസം നേരിടുന്നവർ, രോഗം വന്ന് ചികിത്സിക്കാൻ കഴിയാത്തവർ, ആരോരുമില്ലാത്തവർ എന്നീ ഗണത്തിൽപ്പെട്ട കുടുംബശ്രീ പ്രവർത്തകരെയാണ് സ്നേഹനിധിയിലൂടെ സഹായിക്കുന്നത്.

6. സർക്കാർ/അർദ്ധസർക്കാർ/മറ്റ് ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയവർക്ക് സ്നേഹനിധിയിൽ നിന്ന് ആനുകൂല്യം നൽകേണ്ടതില്ല എങ്കിലും മറ്റ് സഹായങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും അർഹത ഉണ്ട് എന്ന് ഖണ്ഡിക 7 ൽ പരാമർശിക്കുന്ന സ്നേഹനിധി കമ്മിറ്റി ഐക്യകണ്ഠേന തീരുമാനിക്കുകയാണെങ്കിൽ ഈ പദ്ധതിയിൽ സഹായം നൽകാവുന്നതാണ്.

7. **സ്നേഹനിധി കമ്മിറ്റി** : സി.ഡി.എസ്സ് ചെയർപേഴ്സൺ ചെയർമാനായും സിഡിഎസ് മെമ്പർ സെക്രട്ടറി കൺവീനറായും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർ അംഗങ്ങളായി ഓരോ സിഡിഎസ്സിലും.

8. സ്നേഹനിധിക്ക് സി.ഡി.എസ്സ് ചെയർപേഴ്സൺ,- മെമ്പർ സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക മേൽവിലാസത്തിൽ ദേശസാൽകൃതം/ സഹകരണ ബാങ്കുകളിൽ ഏതെങ്കിലും ഒരു ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കണം.

9. നിർധനരായിട്ടുള്ള കുടുംബശ്രീ അംഗങ്ങൾക്ക് മാത്രമേ സ്നേഹനിധിയിലൂടെ സഹായം നൽകാൻ പാടുള്ളൂ.

10. സ്നേഹനിധിയുടെ ഫണ്ട് സ്വരൂപിക്കുന്നത് താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ കൂടിയാണ്.

    1. സിഡിഎസ് പരിധിയിൽ വരുന്ന എല്ലാ കുടുംബശ്രീ അംഗങ്ങളിൽ നിന്നും ഒരു മാസം ഏറ്റവും ചുരുങ്ങിയത് ഒരു രൂപ (പരമാവധി 10 രൂപ) സംഭാവനയായി സ്വീകരിക്കാവുന്നതാണ്. എത്ര തുകയാണ് സ്വരൂപിക്കേണ്ടതെന്ന് വിലയിരുത്തൽ കോർ കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്.
    2. അംഗങ്ങളിൽ നിന്നോ മറ്റ് ഉദാര മനസ്കരിൽ നിന്നോ ഉള്ള സംഭാവനകൾ
    3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സന്നദ്ധ സംഘടകളുടെയും വിഹിതം / സംഭാവന സ്വീകരിക്കാവുന്നതാണ്.

ഫണ്ട് സ്വരൂപണത്തിൽ യാതൊരുവിധ നിർബന്ധബുദ്ധിയോ പിടിവാശിയോ കാണിക്കാൻ പാടില്ലാത്തതാണ്.

11. എല്ലാ കുടുംബശ്രീ അംഗങ്ങളിൽ നിന്നും നിശ്ചിത തുക സംഭാവന സ്വീകരിച്ചാൽ കുടുംബശ്രീ സംസ്ഥാന മിഷൻ പ്രസ്തുത നിധിയിലേയ്ക്ക് പ്രാരംഭ വിഹിതമായി ഒറ്റത്തവണ 1000 രൂപ സംസ്ഥാന മിഷൻ വിഹിതമായി ഡിഎംസി മുഖേന നൽകാവുന്നതാണ്.

12. സ്നേഹനിധിയുടെ വരവ് ചെലവ് കണക്കുകൾ എല്ലാ വർഷവും ഏപ്രിൽ 15 നകം സിഡിഎസ്സിന്റെ യോഗത്തിൽ അവതരിപ്പിക്കുവാൻ മെമ്പർ സെക്രട്ടറിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

13. നിധിയിലേയ്ക്കുള്ള സംഭാവനകൾ സിഡിഎസ് ചെയർപേഴ്സൺ/ മെമ്പർ സെക്രട്ടറി എന്നിവരിൽ ഒരാൾ ഒപ്പിട്ടു നൽകുന്ന രസീത് മുഖേനയായിരിക്കണം. ഇതിനായി രസീത് ബുക്ക് അച്ചടിച്ച് സൂക്ഷിക്കേണ്ടതും സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

14. സ്നേഹനിധിയിൽ ലഭിച്ച തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ നിക്ഷേപിക്കണം. ഇതിനായി ഒരു കാഷ്ബുക്ക് സൂക്ഷിക്കണം. എല്ലാ ചെലവുകൾക്കും വൗച്ചർ സൂക്ഷിക്കണം. സ്നേഹനിധിയുടെ വൗച്ചറുകളും മറ്റും പ്രത്യേകം സൂക്ഷിക്കണം

15. കുടുംബശ്രീ അംഗങ്ങൾക്ക് സഹായം നൽകുന്നത് സ്നേഹനിധിയിലൂടെ മാത്രമായിരിക്കണം. സഹായം നൽകാനല്ലാത്ത മറ്റൊരു കാര്യത്തിനും ഈ തുക ഉപയോഗിക്കാൻ പാടില്ല. എത്ര തുകയാണ് സഹായം നൽകേണ്ടതെന്ന് സ്നേഹനിധി കമ്മിറ്റിക്ക് ഓരോ അപേക്ഷയുടെയും ഗൗരവം മനസ്സിലാക്കി തീരുമാനിക്കാവുന്നതാണ്.

16. കുടുംബശ്രീ സംവിധാനം ഒരു സാമൂഹ്യാധിഷ്ഠിത പ്രസ്ഥാനമാണ്. ഓരോ അംഗത്തിന്റെയും ഇല്ലായ്മകൾ കുടുംബശ്രീ സംവിധാനത്തിന് നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട് അംഗങ്ങളുടെ നേരിട്ടുള്ള പ്രയാസം മനസ്സിലാക്കുന്ന ത്രിതല സംഘടനാ സംവിധാനത്തെ അന്വേഷണത്തിനായി ഉപയോഗിക്കാവുന്നതാണ്.

17. നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ സിഡിഎസ് ഓഫീസിൽ സിഡിഎസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി എന്നിവർക്കാണ് നൽകേണ്ടത്. അപേക്ഷ ലഭിച്ച ഉടനെ സ്നേഹനിധി കമ്മിറ്റി യോഗം വിളിച്ചു കൂട്ടി മിനിട്ട്സിൽ രേഖപ്പെടുത്തി പരമാവധി 15 ദിവസത്തിനകം ധനസഹായം നൽകുന്നതിനുള്ള നടപടി ചെയർപേഴ്സണായ സിഡിഎസ് ചെയർപേഴ്സന്റെ ഉത്തരവാദിത്വത്തിൽ സ്വീകരിക്കേണ്ടതാണ്. ധനസഹായം സിഡിഎസ്സിന്റെ യോഗങ്ങളിൽ വച്ച് ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ നൽകുന്നത് ഉചിതമായിരിക്കും.

18. അടിയന്തിര പ്രാധാന്യമുള്ള അർഹിക്കുന്ന കേസുകളിൽ അപേക്ഷ ലഭിക്കാൻ കാത്തുനിൽക്കാതെ സഹായം സ്വമേധയാ നൽകാവുന്നതാണ്. അടുത്ത സ്നേഹനിധി കമ്മിറ്റിയിൽ ഇക്കാര്യം സാധൂകരിക്കേണ്ടതാണ്.

19. സ്നേഹനിധിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, രജിസ്റ്ററുകളും മെമ്പർ സെക്രട്ടറിയാണ് സൂക്ഷിക്കേണ്ടത്. (മിനിട്ട്സ്, അപേക്ഷകൾ, കാഷ്ബുക്ക്, രജിസ്റ്ററുകൾ, വൗച്ചറുകൾ, മറ്റു രേഖകൾ).

20. സ്നേഹനിധി ഒരു അജണ്ടയായി പി.ആർ.എം.കളിൽ ചർച്ച ചെയ്യേണ്ടതും ഓരോ ജില്ലയിലും സ്നേഹനിധി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കണം.

21. സ്നേഹനിധിയുടെ ഓഡിറ്റിംഗ് കാസ് ഓഡിറ്റിംഗ് ടീമിനെക്കൊണ്ട് നിർവ്വഹിക്കേണ്ടതാണ്.

22. സ്നേഹനിധിയുടെ ബാങ്ക് അക്കൗണ്ടിലെ പലിശ ഉപയോഗിച്ച് സ്നേഹനിധി അംഗങ്ങൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

Valsala

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**